On..21../12/21

23/11/21

## സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1535(2)/2016/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.9080/SIC-Gen6/2016**

**സന്നിഹിതൻ**
**ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 നവംബർ 23**

ശ്രീ. ബിനു കെ.പി.,
കോച്ചേരിൽ,
എരൂർ വെസ്റ്റ് പി.ഒ.,
തൃപ്പൂണിത്തുറ,
എറണാകുളം - 682 306.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ആരോഗ്യ വിഭാഗം,
തൃപ്പൂണിത്തുറ നഗരസഭ,
എറണാകുളം.
2. അപ്പീൽ അധികാരി &
സെക്രട്ടറി,
തൃപ്പൂണിത്തുറ നഗരസഭ,
എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 2.3.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 1.4.2016 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 23.5.2016 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 22.6.2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 21.7.2016 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 23.7.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 4.8.2016 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 20.8.2016 |
| ഹിയറിംഗ് സ്ഥലം & തീയതി | കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ടൗൺ ഹാൾ, 17.11.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ | ഹാജരായി |

## ഉത്തരവ്

ശ്രീ. ബിനു കെ.പി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ തൃപ്പൂണിത്തുറ നഗരസഭ പരിധിയിൽ BINS MOTORS എന്ന പേരിൽ സ്കൂട്ടർ വാർക്ക് ഷോപ്പ് നടത്തി വരികയാണെന്നും ടിയാനിൽ നിന്നും 2015-16 സാമ്പത്തിക വർഷം വർക്ക് ഷോപ്പ് ആരംഭിക്കാനുള്ള ലൈസൻസ് ഫീയായി 1000/- രൂപ ഈടാക്കിയിട്ടുള്ളതാണെന്നും ആയത് കൂടുതലാണെന്ന് അന്വേഷണത്തിൽ

മറുപടിയില്ലായതിനെ തുടർന്ന് 22.2.2016–ൽ അധികമായി വാങ്ങിയ തുക തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് നഗരസഭ സെക്രട്ടറിക്ക് അപേക്ഷ നൽകി എന്നും ആയതിന് യാതൊരു മറുപടിയും ലഭ്യമാക്കാത്തതിനെ തുടർന്ന് വിവരാവകാശ നിയമ പ്രകാരം 2.3.2016, 13.4.2016 എന്നീ തീയതികളിൽ അപേക്ഷകൾ നൽകി എന്നും എന്നാൽ ആയതിന് നഗരസഭയിൽ നിന്നും അവ്യക്തവും തെറ്റിദ്ധരിപ്പിക്കുന്നതുമായ മറുപടിയാണ് ലഭിച്ചിട്ടുള്ളതെന്നും ആയതിനാൽ ടിയാനിൽ നിന്നും അധികമായി വാങ്ങിച്ച ലൈസൻസ് ഫീ തിരികെ നൽകുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും ഉദ്യോഗസ്ഥർ വിവരാവകാശ അപേക്ഷക്ക് നൽകിയ മറുപടികൾ അവ്യക്തവും തെറ്റിദ്ധരിപ്പിക്കുന്നവിധത്തിലുമുള്ളതാകയാൽ എതിർകക്ഷികൾക്കെതിരെ യുക്തമായ നടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 2.3.2016 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. 2015–16 സാമ്പത്തിക വർഷം നഗരസഭയിൽ നിന്നും എത്ര ടൂ വീലർ വർക്ക് ഷോപ്പുകൾക്ക് ലൈസൻസുകൾ അനുവദിച്ച് കൊടുത്തിട്ടുണ്ടെന്നും

ii. അവരിൽ ഓരോരുത്തരിൽ നിന്നും ലൈസൻസ് ഫീയായി വാങ്ങിച്ച തുകയുടെ വിവരങ്ങൾ നൽകണമെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 13.4.2016–ന് നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. 2015–16 സാമ്പത്തിക വർഷം നഗരസഭയിൽ നിന്നും എത്ര ടൂ വീലർ വർക്ക് ഷോപ്പുകൾക്ക് ലൈസൻസുകൾ അനുവദിച്ച് കൊടുത്തിട്ടുണ്ട്, അവരുടെ പേരുവിവരവും വിശദാംശങ്ങളും, അവർ ഓരോരുത്തരിൽ നിന്നും ഫീസായി വാങ്ങിച്ച തുകയുടേയും വിവരങ്ങൾ നൽകണമെന്നും

ii. ടു വിലർ വാർക്ക് ഷോപ്പുകൾക്ക് ലൈസൻസ് ഫീ നിശ്ചയിക്കുന്നതിന് സർക്കാർ നിശ്ചിയിച്ച ഫീ ഷെഡ്യൂളിന്റെ കോപ്പിയും ഫീ ഷെഡ്യൂൾ അനുവദിച്ച സർക്കാർ ഉത്തരവിന്റെ കോപ്പിയും നൽകണമെന്നാണ്.

4. മേൽപ്പടി അപേക്ഷകൾക്ക് 1.4.2016, 11.5.2016 എന്നീ തീയതികളിൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. തുടർന്ന് 13.4.2016–ലെ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് 23.5.2016 തീയതി അപ്പീൽ സമർപ്പിച്ചിട്ടുള്ളതായും കാണുന്നു. ടി അപ്പീൽ ഹർജി തീർപ്പാക്കി രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, തൃപ്പൂണിത്തുറ നഗരസഭാ പരിധിക്കുള്ളിൽ നഗരസഭയുടെ അനുമതിയോടെ പ്രവർത്തിച്ചു വരുന്ന ഇരുചക്ര വാഹന വർക്ക്ഷോപ്പുകളുടെ പട്ടികയാണ് ഹർജിക്കാരന് നൽകിയിട്ടുള്ളതെന്നും 2010–11 കാലയളവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഡി & ഒ ട്രേഡ് ലിസ്റ്റിലെ ഫീസ് നിരക്കുകൾ നടപ്പാക്കുന്നത് താത്ക്കാലികമായി ഗവൺമെന്റ് മരവിപ്പിച്ചിട്ടുള്ളതാണെന്നും മുമ്പ് നിലവിലുണ്ടായിരുന്ന പട്ടികയിൽ ഉൾപ്പെട്ട ഡി & ഒ ട്രേഡ്കളുടെ ലൈസൻസ് ഫീ കാലാനുസൃതമായ ഭേദഗതികളോടെയും അതതുപ്രദേശത്തിന്റെ പ്രത്യേകതകൾക്കനു–സൃതമായും കണക്കാക്കി ലൈസൻസ് ഫീ സ്വീകരിക്കുന്ന നടപടിയാണ് നഗരസഭ നിലവിൽ സ്വീകരിച്ചു വരുന്നതെന്നും കൂടുതൽ വിവരങ്ങൾ ആവശ്യമുള്ളപക്ഷം

ലഭ്യമായ രേഖകൾ പരിശോധിക്കുവാനും പകർപ്പുകൾ എടുക്കുന്നതിനും ഹർജിക്കാരന് ഏത് സമയത്തും അവസരം ഉണ്ടായിരിക്കുന്നതാണെന്നും, മുനിസിപ്പൽ സെക്രട്ടറിയെ നേരിൽ കണ്ട് ആവശ്യപ്പെട്ട വിവരങ്ങളുടെ സംശയദൂരീകരണം നടത്തുന്നതിനും അവസരം നൽകികൊണ്ട് അപ്പീൽ തീർപ്പാക്കുന്നുവെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് നൽകിയ മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ അപേക്ഷ തീർപ്പു കൽപ്പിച്ചുകൊണ്ട് 22.6.2016 തീയതി ആർ3-6801/16 നമ്പർ അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും ടി മറുപടിയിൽ അപേക്ഷ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ആവശ്യമുള്ളപക്ഷം ആയത് ലഭ്യമാക്കുന്നതാണെന്നും ലഭ്യമായ രേഖകൾ പരിശോധിക്കുവാനും പകർപ്പുകൾ എടുക്കുന്നതിനും പ്രവർത്തി ദിവസങ്ങളിൽ ഏത് സമയത്തും അവസരമുണ്ടായിരിക്കുന്നതാണെന്നും അപ്പീൽ അധികാരി അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും തുടർന്ന് ഹർജിക്കാരൻ നഗരസഭാ സെക്രട്ടറിയെ നേരിൽക്കണ്ട് സംസാരിച്ചിട്ടുള്ളതും ലൈസൻസ് ഫീസിനത്തിൽ അധികമായി ഒടുക്കിയ തുക നിർണ്ണയിച്ചത് സംബന്ധിച്ച് വിശദീകരണം നൽകി കേരള മുനിസിപ്പാലിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വകുപ്പുകൾ ടിയാനെ അറിയിച്ചിരുന്നതാണെന്നും നഗരസഭാ സെക്രട്ടറി നിർണ്ണയിച്ച ഫീസ് തുകയിൽ വിയോജിപ്പുണ്ടെങ്കിൽ ആയത് സംബന്ധിച്ച് രേഖാമൂലം പരാതി/അപേക്ഷ ചെയൻമാൻ, ധനകാര്യ സ്റ്റാന്റിംഗ് സമിതി മുമ്പാകെ സമർപ്പിക്കുവാൻ അറിയിച്ചിരുന്നതാണെന്നും അപ്രകാരം നിർദ്ദേശം ലഭിച്ചാൽ തുക തിരികെ നൽകാവുന്നതാണെന്നും കൂടാതെ ഡി & ഒ രജിസ്റ്റർ പരിശോധിച്ച് വർക്ക്ഷോപ്പ് ലൈസൻസികളുടെ പേരുവിവരം ബോദ്ധ്യപ്പെടുന്നതിന് അവസരം നൽകുന്നതാണെന്നും അപ്പീൽ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം 2.3.2016, 13.4.2016 എന്നീ തീയതകളിൽ നൽകിയ വിവരാവകാശ അപേക്ഷകൾക്ക് ലഭിച്ച മറുപടികളിൽന്മേലുള്ള ആക്ഷേപങ്ങൾ ഒരുമിച്ചാണ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് എന്നു കാണുന്നു. ആയത് ക്രമപ്രകാരമല്ല. ഒരു വിവരാവകാശ അപേക്ഷ, അതിനു ലഭിച്ച മറുപടി, ടി മറുപടിയ്ക്കെതിരെ അപ്പീൽ നൽകിയിട്ടുണ്ടെങ്കിൽ അതിന് ലഭിച്ച മറുപടി എന്നിങ്ങനെ പ്രത്യേകം പ്രത്യേകമായി വേണം കമ്മീഷനിൽ അപ്പീൽ നൽകേണ്ടിയിരുന്നത് എന്ന് ഹർജിക്കാരനെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

7. അപ്പീൽ ഹർജിയിലെ പ്രധാന ആക്ഷേപം ടിയാനിൽ നിന്നും ലൈസൻസ് ഫീ ഇനത്തിൽ അധികമായി ഈടാക്കിയ തുക തിരികെ ലഭിക്കണമെന്നതാണെന്നു കാണുന്നു. ബന്ധപ്പെട്ട പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് ഒരു പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പ്രധാന ചുമതല. അപേക്ഷയിൽ ഉന്നയിച്ചപ്രകാരം ഭരണപരമായ നടപടി സ്വീകരിക്കണമെന്ന ആവശ്യം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യമല്ല. ആയതിനാൽ മേൽ പരാമർശിച്ച ഫീ ഇനത്തിൽ അധികമായി ഈടാക്കിയ തുക തിരികെ ലഭ്യമാക്കണമെന്ന ആവശ്യം വിവരാവകാശ നിയമപ്രകാരം പരിഗണിക്കാൻ കമ്മീഷന് നിർവ്വാഹമില്ല. എന്നിരുന്നാലും ടി അധികമായി ഈടാക്കിയ തുക തിരികെ നൽകാൻ കഴിയുന്നതാണെന്ന് കാണുന്നതിനാൽ ഈ

ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം [illegible] ഹർജിക്കാരന് വിവരം നൽകുവാൻ രണ്ടാം എതിർകക്ഷി നടപടി സ്വീകരിക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അതുപോലെതന്നെ എതിർകക്ഷി സ്ഥാപനത്തിൽ നിന്നും നൽകിയ മറുപടികളിൽ ആക്ഷേപം ഉന്നയിച്ച് നൽകിയ ഒന്നാം അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ ബന്ധപ്പെട്ട എല്ലാ രേഖകളും നേരിട്ട് പരിശോധിക്കാൻ ഹർജിക്കാരന് അവസരം നൽകിയിട്ടുള്ളതായി കാണുന്നതിനാൽ ഹർജിക്കാരന് വിവരം നൽകുന്നതിൽ മന:പൂർവ്വമായ വീഴ്ച എതിർകക്ഷിയുടെ ഭാഗത്ത് നിന്നും ഉണ്ടായതായി കാണുന്നില്ല. എന്നിരുന്നാലും ഹർജിക്കാൻ ആവശ്യപ്പെടുന്നപക്ഷം ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് ഒരിക്കൽ കൂടി ഹർജിക്കാരന് അവസരം നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. .

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 നവംബർ 23–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION

bnk